പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6031 07/07/2014- ൽ മറുപടിക്ക്

## കന്നുകുട്ടി പരിപാലന പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ : | | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) | |
| എ) | കന്നുകുട്ടി പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി ക്ഷീരകർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നത് എന്ന് വെളിപ്പെടുത്തുമോ; | എ) | ഒരു പശുക്കുട്ടിയെ 4 മാസം പ്രായം മുതൽ 30 മാസം പ്രായം വരെ ശാസ്ത്രീയമായി പരിചരിക്കുന്നതിനും പോഷകാഹാരം നൽകുന്നതിനും ആവശ്യമായ ചെലവിന്റെ പകുതി തുക പരിധിക്ക് വിധേയമായി 12,500/- രൂപ വരെ കർഷകർക്ക് നൽകുന്നു. കന്നുകുട്ടിയെ ഇൻഷ്വർ ചെയ്യുന്നതിനുള്ള പ്രീമിയം, വിരമരുന്ന്, പരിശീലനം, പുൽവിത്ത്, ധാതുലവണ മിശ്രിതം, കന്നുകുട്ടി തീറ്റ എന്നിവയുടെ ചെലവ് ഇതിൽ ഉൾപ്പെടുന്നു. |
| ബി) | പ്രസ്തുത പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിൽ എത്ര ക്ഷീരകർഷർക്ക് സഹായം നൽകി എന്ന് വെളിപ്പെടുത്തുമോ; | ബി) | കോഴിക്കോട് ജില്ലയിൽ 2013-14 ൽ 6753 ക്ഷീരകർഷർക്ക് സഹായം നൽകിയിട്ടുണ്ട്. |
| സി) | പ്രസ്തുത പദ്ധതിയിൽ ക്ഷീരകർഷകരെ തെരഞ്ഞെടുക്കുന്നതിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | സി) | 1. പദ്ധതിയിൽ എൻറോൾ ചെയ്യുന്ന സമയത്ത് കർഷകന് സ്വന്തമായി 4 മുതൽ 6 മാസം വരെ പ്രായമുള്ള പശുക്കുട്ടി ഉണ്ടായിരിക്കണം.<br>2. പശുക്കുട്ടിയെ പ്രാദേശിക മൃഗാശുപത്രിയിലെ കന്നുകുട്ടി ജനന രജിസ്റ്ററിൽ രജിസ്റ്റർ ചെയ്തിരിക്കണം.<br>3.ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മുൻഗണന നൽകണം. |

4.പട്ടികവർഗ്ഗത്തിൽപ്പെട്ട എല്ലാ അപേക്ഷകർക്കും ആനുകൂല്യം നൽകേണ്ടതാണ്.

5. ആകെ തെരഞ്ഞെടുക്കപ്പെട്ടവരിൽ 10% പട്ടികജാതിയിൽ ഉള്ളവരായിരിക്കണം. ഇപ്രകാരം ലഭ്യമല്ലെങ്കിൽ പൊതുവിഭാഗത്തെയും പരിഗണിക്കാവുന്നതാണ്.

6. മുൻപ് ആനുകൂല്യം ലഭിക്കാത്ത കർഷകർ, സ്ത്രീകൾ, വിധവകൾ, ജവാന്മാരുടേയും, എക്സ് സർവ്വീസു കാരുടേയും ആശ്രിതർ എന്നിവർക്ക് മുൻഗണന നൽകണം.

7. ഗുണഭോക്തൃപട്ടികയ്ക്ക് ഗ്രാമസഭയുടെ അംഗീകാരം ആവശ്യമാണ്.

ഡി) കന്നുകുട്ടി പരിപാലനം പ്രോത്സാഹിപ്പിക്കുന്നതിന് വരുമാനപരിധി ഇല്ലാതെ ക്ഷീരകർഷകർക്ക് സഹായം നൽകാൻ നടപടികൾ സ്വീകരിക്കുമോ?

ഡി) വരുമാനപരിധി ബാധകമല്ല. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മുൻഗണനയുണ്ട്.

സെക്ഷൻ ഓഫീസർ